**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കൊച്ചിനഗരസഭ - വികേന്ദ്രീകൃതാസൂത്രണ പദ്ധതി 2012-13 നഗരസഭാകാര്യാലയ ആസ്ഥാനമന്ദിരം - നവീകരണത്തിന് - അടങ്കൽതുക പൊതുമേഖലാ സ്ഥാപനമായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിൽ (ആലുവ) മുൻകൂർ നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധ) നമ്പർ 776/2013/തസ്വഭവ     തീയതി, തിരുവനന്തപുരം 23.3.2013.

================================================================================

പരാമർശം:- കൊച്ചി നഗരസഭാ മേയറുടെ 20/3/2013ലെ സിസിപിസി9-32276/12 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി നഗരസഭയുടെ 2012-13 വർഷത്തെ വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിൽ പൊതുകെട്ടിടം, ജനസേവനം കാര്യമാക്കൽ എന്നീ വിഷയങ്ങളിൽ നഗരസഭയുടെ ആസ്ഥാനമന്ദിരത്തിന്റെ കാലോചിതമായ നവീകരണത്തിന് രണ്ട് പദ്ധതികൾ കേരള സർക്കാർ പൊതുമേഖലാസ്ഥാപനമായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് ആലുവ മുഖേന നിർവ്വഹിക്കുന്നതിന് 1,54,27,000/- രൂപ (ഒരു കോടി അൻപത്തിനാലു ലക്ഷത്തി ഇരുപത്തിയേഴായിരം രൂപ മാത്രം) എഫ്.ഐ.ടി.യിൽ തുക നിക്ഷേപിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം(1)ലെ കത്ത് മുഖേന കൊച്ചി മേയർ അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ താഴെ വിവരിക്കും പ്രകാരം.

| | | | |
|---|---|---|---|
| 1) എസ്.831/13 | നഗരസഭാ മെയിൻ ആഫീസ് നവീകരണം. | - | 90,00,000/- രൂപ |
| 2) എസ്. 557/13 | ഇ-ഗവേണൻസിന് അനുയോജ്യമായവിധം നഗരസഭാ വിവിധ സെക്ഷനുകൾ നവീകരണം. | - | 64,27,000/- രൂപ |
| | ആകെ | - | 1,54,27,000/- രൂപ |

പൊതുമേഖലാ സ്ഥാപനമായ എഫ്.ഐ.ടി.യിൽ തുക മുൻകൂർ നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
ഡോ.രാജൻ ഖൊബ്രാഗഡെ,
സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
മേയർ/ സെക്രട്ടറി, കൊച്ചി നഗരസഭ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E)/(LBA&A), (Audit),കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ട്രഷറി ഓഫീസർ, ജില്ലാട്രഷറി ഓഫീസ്, കൊച്ചി
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ